SET A

# സമഗ്ര ശിക്ഷ - കേരളം

## രണ്ടാം പാദവാർഷിക മൂല്യനിർണയം - 2018

1005

# സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : X

സമയം : 2½ മണിക്കൂർ
ആകെ സ്കോർ : 80

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 16 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. 'പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ' എന്ന പുസ്തകം രചിച്ചതാര്? (1)

2. ചുവടെ നൽകിയിട്ടുള്ളവയിൽ മില്യൻ ഷീറ്റുകളുടെ തോത് ഏതാണ്? (1)

   (എ) 1: 50000 (ബി) 1 : 250000

   (സി) 1: 100000 (ഡി) 1 : 1000000

3. ചുവടെ സൂചിപ്പിച്ചിട്ടുള്ളവയിൽ സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി ഏതാണ്? (1)

   (എ) കോർപറേറ്റ് നികുതി (ബി) ഭൂനികുതി

   (സി) വ്യക്തിഗത ആദായനികുതി (ഡി) വിനോദനികുതി

4. ഉത്തരപർവതമേഖലയുടെ ഭാഗമായ സിവാലിക്കിനെക്കുറിച്ച് ഒരു ലഘുകുറിപ്പെഴുതുക. (2)

5. പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചിരുന്നത് മുഖ്യമായും രണ്ട് ലക്ഷ്യങ്ങളോടുകൂടിയായിരുന്നു. അവ ഏതെല്ലാമാണ്? (2)

6. ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഡോ.ഡി.എസ്. കോത്താരി കമ്മീഷൻ മുന്നോട്ടുവെച്ച ശുപാർശകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. (2)

7. രാഷ്ട്രത്തിന്റെ പരമാധികാരത്തിന് പ്രധാനമായും രണ്ടു തലങ്ങളുണ്ട്. അവ ഏതെല്ലാം? (2)

8. നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സാഹചര്യം വിലയിരുത്തുക. (2)

9. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ആദ്യകാല പ്രാദേശികസമരങ്ങൾ ഏതെല്ലാമായിരുന്നു? (3)

10. ഇന്ത്യയിൽ പൊതുകടം വർധിക്കുന്നതിനുള്ള കാരണങ്ങൾ ഏതെല്ലാം? (3)

11. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ ഭൂനികുതിസമ്പ്രദായങ്ങളിൽ ഒന്നായിരുന്നു ശാശ്വതഭൂനികുതിവ്യവസ്ഥ. ഇതിന്റെ മൂന്ന് സവിശേഷതകൾ എഴുതുക. (3)

12. കോണ്ടൂർരേഖകളുടെ വിശകലനത്തിലൂടെ ഭൂപ്രദേശത്തെ സംബന്ധിച്ച ഏതെല്ലാം വിവരങ്ങൾ മനസ്സിലാക്കാനാകും? (3)

13. റഷ്യൻ വിപ്ലവത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് 1930 കളോടെ സോഷ്യലിസ്റ്റാശയങ്ങൾ ഇന്ത്യയിൽ പ്രചരിക്കാൻ തുടങ്ങി. (3)

എ) ആരൊക്കെയായിരുന്നു സോഷ്യലിസ്റ്റ് ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ട നേതാക്കൾ?

ബി) ഇതിന്റെ ഫലമായി രൂപീകരിക്കപ്പെട്ട പാർട്ടി ഏതായിരുന്നു?

14. എ കോളത്തിൽ കൊടുത്തിട്ടുള്ള വിവരങ്ങൾക്ക് യോജിക്കുന്നവ ബി കോളത്തിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. (4)

| എ | ബി |
|---|---|
| ലിട്ടൺ പ്രഭു | ഇംഗ്ലീഷ് വിദ്യാഭ്യാസം |
| മഹാത്മാഗാന്ധി | കേരള കലാമണ്ഡലം |
| മെക്കാളെ പ്രഭു | പ്രാദേശികഭാഷാ പത്രനിയമം |
| വള്ളത്തോൾ നാരായണമേനോൻ | വാർധാ വിദ്യാഭ്യാസ പദ്ധതി |

15. നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ സൂചിപ്പിച്ചിട്ടുള്ള ഭൂവിവരങ്ങൾ അടയാളപ്പെടുത്തി പേരെഴുതുക. (4)

(എ) ഛോട്ടാനാഗ്പൂർ പീഠഭൂമി (ബി) ആരവല്ലി പർവതനിര

(സി) ഗോദാവരി നദി (ഡി) കിഴക്കൻ തീരസമതലം

16. ചുവടെ നൽകിയിട്ടുള്ള മാതൃകാ ഗ്രിഡിൽ രേഖപ്പെടുത്തിയിട്ടുള്ള എ, ബി, സി, ഡി എന്നിവ ഏതേതു ഭൂവിവരങ്ങളെ സൂചിപ്പിക്കുന്നു? ഭൂവിവരങ്ങൾ 'എ' യുടെയും 'ബി' യുടെയും സ്ഥാനം നാലക്കഗ്രിഡ് റഫറൻസിലും സി, ഡി എന്നിവയുടെ സ്ഥാനം ആറക്ക ഗ്രിഡ് റഫറൻസിലും എഴുതുക. (4)



**17 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം (7 x 4 = 28)**

17. ദേശീയസമരകാലത്തെ പത്രങ്ങൾ എന്തെല്ലാം ലക്ഷ്യങ്ങളോടെയാണ് പ്രവർത്തിച്ചത്? വിശദമാക്കുക.
18. ഇന്ത്യയിലെ ശൈത്യകാലത്തെപ്പറ്റി ഒരു കുറിപ്പ് തയാറാക്കുക.
19. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഇന്ത്യയിലെ ജനങ്ങൾ സ്വീകരിച്ച ബഹിഷ്കരണ മാർഗങ്ങൾ ഏതെല്ലാമായിരുന്നു?
20. പ്രത്യക്ഷനികുതിയുടെയും പരോക്ഷനികുതിയുടെയും സവിശേഷതകൾ വിശദമാക്കുക.
21. രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ ഏതെല്ലാം? വിശദമാക്കുക.
22. ചുവടെ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ സിന്ധുനദിയെക്കുറിച്ച് കുറിപ്പെഴുതുക.

    ***സൂചനകൾ :***

    ഉത്ഭവസ്ഥാനം - നീളം - പ്രധാന പോഷകനദികൾ - പതനസ്ഥാനം
23. ഭൂവിവരവ്യവസ്ഥയുടെ പ്രയോജനങ്ങൾ എന്തെല്ലാം?
24. ഉപ്പിനെ സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയായിരുന്നു?
25. വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യയിൽ നടപ്പാക്കിയിട്ടുള്ള ചില പദ്ധതികളാണ് ചുവടെ കൊടുത്തിട്ടുള്ളത്. അവയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?

    എ) സംയോജിത ശിശുവികസന സേവന പരിപാടി

    ബി) നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം

**26, 27 ചോദ്യങ്ങളിൽ**
**ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ**

26. സ്വതന്ത്ര ഇന്ത്യ സംസ്ഥാന പുനസ്സംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിക്കാനിടയാക്കിയ പശ്ചാത്തലം വിശദീകരിക്കുക.
27. നാട്ടുരാജ്യങ്ങളുടെ സംയോജനം സ്വതന്ത്ര ഇന്ത്യ നേരിട്ട വെല്ലുവിളികളിൽ ഒന്നായിരുന്നു. ഈ വെല്ലുവിളി തരണംചെയ്യാൻ ഇന്ത്യയ്ക്ക് സാധിച്ചതെങ്ങനെ? വിശദമാക്കുക.

**28, 29 ചോദ്യങ്ങളിൽ**
**ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ**

28. രണ്ട് തരം കൃത്രിമ ഉപഗ്രഹങ്ങൾ ഏതെല്ലാം? ഇവയുടെ സവിശേഷതകൾ വിശദമാക്കുക.
29. ഭൂവിവരവ്യവസ്ഥയുടെ വിവിധ വിശകലനസാധ്യതകൾ ഏതെല്ലാം? വിശദമാക്കുക.